69

# നിങ്ങളുടെ വെൺകൽഭരണി പൊട്ടിച്ചോ?[1]

## മത്താ. 26:6-13; മർക്കൊ. 14:3-9; യോഹ. 12:1-8, ഒരടുത്ത നോട്ടം

മത്തായി 26, മർക്കൊസ് 14, യോഹന്നാൻ 12 എന്നിവയിലെ ഒരു സംഭവം യേശുവിനെ സ്പർശിച്ചതുപോലെ, ഏതാനും സംഭവങ്ങൾ അവനെ സ്പർശിക്കയുണ്ടായി. അവൻ സ്പർശിക്കപ്പെടുവാനുള്ള കാരണം ഒരു പക്ഷെ ക്രൂശ് വളരെ അടുത്തിരിക്കയാലും അവന്റെ ഹൃദയം ഭാരപ്പെട്ടിരുന്നതിനാലും ആയിരിക്കാം. അല്ലെങ്കിൽ അവന്റെ ശത്രുക്കളുടെ വെറുപ്പും (മർക്കൊസ് 14:1, 2) ആ അവസരത്തിൽ കാണിച്ച സ്നേഹവും തമ്മിലുള്ള സമഗ്രമായ വ്യത്യാസമായിരിക്കാം. തന്റെ ആയുസ് മുഴുവൻ ത്യാഗോജ്വലമായി ചെലവഴിച്ചിട്ടും ഒരനുമോദനവും ലഭിക്കാതിരുന്നതിന്റെ ഫലമാകാം. കാരണം എന്തായാലും, ക്രിസ്തുവിന് തന്റെ ശുശ്രൂഷയിൽ പ്രകടമാക്കാവുന്ന ഏറ്റവും വലിയ പുകഴ്ച്ച ലഭിക്കത്തക്കവണ്ണം അതിരുകവിഞ്ഞു പ്രവർത്തിച്ചു.

ആ സംഭവം നടന്നത് ചിലർ വിളിക്കുന്ന "അടുത്ത–അവസാന–അത്താഴത്തി–ലേക്ക്" എന്നതിലാണ്.[2] അവസാന അത്താഴത്തെ കുറിച്ച് നാം കേട്ടിട്ടുണ്ട്; അടുത്ത–അവസാന–അത്താഴത്തി–ലേക്ക് എന്നതും നാം അറിഞ്ഞിരിക്കണം. രണ്ടിലും ഒരോർമ്മ അടങ്ങിയിരിക്കുന്നു. അവസാന അത്താഴത്തിൽ കർത്തൃമേശ സ്ഥാപിച്ച്, ക്രിസ്തു പറഞ്ഞു, "എന്റെ ഓർമ്മക്കായി ഈവണ്ണം ചെയ്വിൻ" (ലൂക്കൊസ് 22:19). അടുത്ത–അവസാന–അത്താഴ–ത്തിനിടയിൽ ക്രിസ്തു പറഞ്ഞു, "സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും" (മർക്കൊസ് 14:9).

ഇപ്പോൾ, ഞാൻ പറഞ്ഞതു സുവിശേഷവിവരണങ്ങളിലെ ഏറ്റവും മനോഹരമായ സംഭവങ്ങളിൽ ഒന്നായ, മറിയ യേശുവിനെ അഭിഷേകം ചെയ്തതാണെന്ന് നിങ്ങൾക്ക് മനസിലായിക്കാണും; ആദ്യം നമുക്ക് ആളുകളെയും സാഹചര്യത്തേയും മനസിലേക്ക് കൊണ്ടുവരാം. 0പിന്നെ നമുക്ക് പ്രായോഗികത വരുത്താം. മർക്കൊസിന്റെ വിവരണത്തിലെ സംഭവമാണ് നാം പ്രാഥമികമായി എടുക്കുന്നത്,[3] എന്നാൽ അനുബന്ധ വിശദാംശങ്ങൾക്ക് നാം യോഹന്നാനിലേക്ക് പോകും.[4]

### വിവരം

സംഭവം ആരംഭിക്കുന്നത്, "അവൻ ബെഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിലിരിക്കുമ്പോൾ ..." ആണ് (മർക്കൊസ് 14:3). പെസഹക്കു വേണ്ടിയായിരുന്നു യേശു യെരുശലേമിലേക്ക് വന്നത്. യോഹന്നാൻ

പറയുന്നതനുസരിച്ച് അത് "പെസഹക്കു ആറു ദിവസം മുൻപായിരുന്നു" (യോഹന്നാൻ 12:1). ക്രിസ്തു പതിവനുസരിച്ച്, യെരുശലേമിൽനിന്നു ഏതാനും മൈലകലെയുള്ള ഒരു ചെറിയ ഗ്രാമമായ ബെഥാന്യയിൽ സമയം ചെലവിടുകയായിരുന്നു.

ബെഥാന്യയിലായിരിക്കുമ്പോൾ, അവൻ മാർത്ത, മറിയ, ലാസർ എന്നിവരെ സന്ദർശിക്കുമായിരുന്നു (ലൂക്കൊസ് 10:38; യോഹന്നാൻ 11:1, 5; 12:1); എന്നാൽ ഈ അവസരത്തിൽ, "കുഷ്ഠരോഗിയായ ശിമോൻ" അവനെ അത്താഴവിരുന്നിനു ക്ഷണിച്ചിരുന്നു. അവൻ *ശുദ്ധനായി*തീർന്ന കുഷ്ഠരോഗിയായിരുന്നു എന്നു നമുക്ക് ഊഹിക്കാം. ഈ രോഗബാധയുള്ള സമയത്ത് അങ്ങനെയുള്ളവനോടുകൂടെ ആളുകൾ ഭക്ഷണം കഴിക്കുക*യില്ല*. ശിമോൻ യേശുവിനാൽ സൗഖ്യമാകപ്പെട്ടു എന്നു കരുതാം. അപ്പോൾ സന്നിഹിതരായവരിൽ ആദരവോടെ ലാസറുമുണ്ടായിരുന്നു (യോഹന്നാൻ 12:2). മാർത്ത, (പതിവുപോലെ) ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു (യോഹന്നാൻ 12:2; ലൂക്കൊസ് 10:40 നോക്കുക); മറിയയും (യോഹന്നാൻ 12:3) ക്രിസ്തുവിന്റെ ശിഷ്യന്മാരും ഉണ്ടായിരുന്നു (മത്തായി 26:8).

ആ രംഗം മനസിൽ വെക്കുക: അതിഥികൾ ഉയരം കുറഞ്ഞ മേശക്കു ചുറ്റും ചാരിയിരുന്നു (മർക്കൊസ് 14:3) ഇടതുകൈമുട്ട് ഊന്നി ഭക്ഷണം കഴിക്കുകയായിരുന്നു. ശിമോൻ ഒരു സമയം, തന്റെ കൈവസ്ത്രം നീക്കി തനിക്ക് മുൻപു കുഷ്ഠം ഉണ്ടായിരുന്നുവെന്നും, അതു ക്രിസ്തു സൗഖ്യമാക്കിയെന്നും പറഞ്ഞുകാണും. ഏറ്റവും ആകർഷണീയമായ പ്രഖ്യാപനം ലാസരിന്റേതു തന്നെയായിരിക്കും. "മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് ഞാൻ പറയട്ടെ!" എന്നായിരിക്കും അവൻ പറഞ്ഞത്. മരണവേദനയും അതിനെ തുടർന്നുള്ള ഇരുട്ടും അവൻ ഒരു പക്ഷെ സൂചിപ്പിച്ചുകാണും.[5] "എന്നാൽ പിന്നെ" അവൻ പറയുന്നത് എനിക്ക് കേൾക്കുവാൻ കഴിയും, 'ലാസറേ, പുറത്തുവാ,' എന്നു "അല്പം ദൂരെ നിന്നു വിളിക്കുന്നതു ഞാൻ കേട്ടു [യോഹന്നാൻ 11:43], ഉടനെ എന്റെ ശരീരത്തിലേക്ക് ജീവൻ വന്നു!" അവൻ കല്ലറയിൽനിന്നു വന്ന വിധം പറഞ്ഞപ്പോൾ കൂട്ടത്തിൽനിന്നു ചിരി ഉയർന്നു കാണും, മൃതശരീരത്തിൽ ചുറ്റുന്ന ഘനമുള്ള തുണി അപ്പോഴും അവനിലുണ്ടായിരുന്നു. എത്ര മനോഹരമായ സായാഹ്നം ആയിരുന്നിരിക്കണം അത്!

ഇതെല്ലാം സംഭവിക്കുമ്പോൾ, ശാന്തയായ മറിയ – ശ്രദ്ധിക്കുകയായിരുന്നു. അവൾ മാർത്തയെ ശുശ്രൂഷയിൽ സഹായിച്ചുകാണും (ലൂക്കൊസ് 10:40 നോക്കുക). എന്നാൽ അവളുടെ ശ്രദ്ധ എല്ലായ്പോഴും തന്റെ കർത്താവിൽ തന്നെ ആയിരുന്നേക്കാം. അവളുടെ ഹൃദയത്തിൽ സ്നേഹം നിറഞ്ഞു കവിഞ്ഞിരുന്നു. അവളുടെ ഹൃദയം സ്നേഹത്താൽ നിറഞ്ഞിരുന്നു. അവൾ തന്റെ സ്നേഹിതനോടുള്ള അഭിനന്ദനം പ്രകടിപ്പിച്ചു, കാരണം അവനാണ് തന്റെ സഹോദരനെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നത്. വാക്കുകളാൽ നന്ദി പ്രകാശിപ്പിക്കുവാൻ ഒരുപക്ഷെ അവൾക്ക് കഴിഞ്ഞിരിക്കയില്ല. അവൾക്ക് തോന്നിയതിനു അവൾക്ക് തിരിച്ച് എന്തു ചെയ്യുവാൻ കഴിയും? ഒരു ചിന്ത വന്നു: പ്രത്യേക സന്ദർഭത്തിൽ മാത്രം ഉപയോഗിക്കേണ്ടതിന്, അലമാരയിൽ സൂക്ഷിച്ചിരുന്ന "സ്വഛജഡമാംസതൈലം" അടങ്ങിയ "വെൺകൽ ഭരണി കൊണ്ടുവന്നു പൊട്ടിച്ചു" (മർക്കൊസ് 14:3; യോഹന്നാൻ 12:3).

സ്വചരജഡമാംസതൈലം[6] അപൂർവ്വമായ സസ്യത്തെ ശുദ്ധിചെയ്തുണ്ടാക്കുന്ന വിലകൂടിയ റോസ്–നിറത്തിലുള്ള ദ്രവരൂപത്തിൽ ദൂര–ദേശമായ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സുഗന്ധതൈലമാണ്. അതു സാധാരണ അടക്കത്തിന് മൃതശരീരത്തിൽ പൂശുന്നതിനാണ് ഉപയോഗിക്കുന്നത്.[7] വെൺകല്ലുകൊണ്ടുണ്ടാക്കിയ ഒരു ഭരണിയിലായിരുന്നു മറിയ ആ സുഗന്ധതൈലം സൂക്ഷിച്ചിരുന്നത്. പടിഞ്ഞാറൻ മിസ്രയിമിൽനിന്ന് ഇറക്കുമതി ചെയ്ത വെള്ള മാർബിളുപയോഗിച്ചായിരുന്നു ആ ഭരണി ഉണ്ടാക്കിയിരുന്നത്.

മറിയ ഓടിച്ചെന്ന്, ആ ഭരണി കൈകളിൽ ഒതുക്കി പിടിച്ചുകൊണ്ട്, അവൾ വിരുന്ന്മുറിയിലേക്ക് മടങ്ങി വന്നു. മറിയ "ഭരണി പൊട്ടിച്ചപ്പോൾ, അതിന്റെ വായ് തെറിച്ചു വീണു,'' സംഭാഷണങ്ങൾ നിലയ്ക്കുന്നു (മർക്കൊസ് 14:3) അവൾ കർത്താവിനെ അഭിഷേകം ചെയ്തുതുടങ്ങി. അവൾ ആ ഭരണി പൊട്ടിച്ചു രണ്ടുമൂന്നു തുള്ളി തൈലം യേശുവിന്റെ ദേഹത്ത് അവൾ തളിക്കുകയായിരുന്നു എങ്കിൽ കൂടിവന്നവർക്ക് അതിശയമുണ്ടാകുമായിരുന്നില്ല (ലൂക്കൊസ് 7:46 നോക്കുക). പക്ഷെ അവൾ ഭരണി പൊട്ടിച്ചു.[8] അവളുടെ സ്നേഹത്തെയും അഭിനന്ദനത്തെയും മറ്റൊന്നും പിന്തിരിപ്പിച്ചില്ല.

മർക്കൊസ് പറഞ്ഞതനുസരിച്ച്, അവൾ ക്രിസ്തുവിന്റെ തലയാണ് അഭിഷേകം ചെയ്തത് (മർക്കൊസ് 14:3), എന്നാൽ യോഹന്നാൻ നിരീക്ഷിച്ചത് അവൾ കാൽ അഭിഷേകം ചെയ്തതായിട്ടാണ് (യോഹന്നാൻ 12:3). ഇന്നാണെങ്കിൽ നാം പറയും, "തല തോട്ട് പാദം വരെ അവൾ അഭിഷേകം ചെയ്തു." പിന്നെ അവൾ "തന്റെ തലമുടികൊണ്ടു കാൽ തുവർത്തി, തൈലത്തിന്റെ സൗരഭ്യം കൊണ്ടു വീട് നിറഞ്ഞു" (യോഹന്നാൻ 12:3).[9]

ആ സമയത്ത്, ഭരണി പൊട്ടിച്ചപ്പോൾ നിശ്ശബ്ദരായവരുടെ നാവുകൾ ചലിക്കുവാൻ തുടങ്ങി:

> അവിടെ ചിലർ, തൈലത്തിന്റെ "ഈ വെറും ചെലവ് എന്തിന്? ഇതു മുന്നൂറിലധികം വെള്ളിക്കാശിനു[10] വിറ്റു ദരിദ്രർക്കു കൊടുപ്പാൻ കഴിയുമായിരുന്നുവല്ലോ'' എന്നിങ്ങനെ ഉള്ളിൽ നീരസപ്പെട്ടു അവളെ ഭൽസിച്ചു (മർക്കൊസ് 14:4, 5).

യോഹന്നാൻ പറഞ്ഞതനുസരിച്ച്, വിമർശനം തൊടുത്തുവിട്ടതു യൂദ ആയിരുന്നു (യോഹന്നാൻ 12:4, 5).

ഒരു സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനമായിരുന്നു ഒരു ദിനാർ (മത്തായി 20:2). മുന്നൂറു വെള്ളിക്കാശ് എന്നു പറയുന്നത് ഒരു ജോലിക്കാരന്റെ ഏതാണ്ട് ഒരു വർഷത്തെ വേതനമായിരിക്കും.[11] എങ്ങനെയായാലും, നിങ്ങൾ തന്നെ കണക്കു കൂട്ടുക. ആയിരക്കണക്കിനു രൂപ വില വരുന്നതായിരുന്നു ആ തൈലം.[12] വിമർശകരെ സംബന്ധിച്ച് അതു വളരെയധികം പണം പാഴാക്കലായിരുന്നു.

കർത്താവ് അവരോട് യോജിക്കുമെന്നായിരുന്നു അവർ കരുതിയത്. ആഡംബരം ഉപേക്ഷിച്ച് അവൻ ലളിതജീവിതമായിരുന്നു നയിച്ചിരുന്നത്. അവൻ പാഴാക്കൽ നിരുൽസാഹപ്പെടുത്തിയിരുന്നു.[13] ദരിദ്രരോട് മനസലിവു കാണിക്കുന്നതിനെ അവൻ പ്രോൽസാഹിപ്പിച്ചിരുന്നു.[14] ഒരുപക്ഷെ യേശു അവളെ കുറ്റപ്പെടുത്തുമെന്ന് അവർ വിചാരിച്ചിരുന്നേക്കാം. അതിനു പകരം

അവൻ അവളെ പ്രശംസിക്കുകയാണ് ചെയ്തത്:

> അവളെ വിടുവിൻ, അവളെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലൊ ചെയ്തത്. ദരിദ്രർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലൊ. ഇഛിക്കുമ്പോൾ അവർക്ക് നന്മ ചെയ്വാൻ നിങ്ങൾക്ക് കഴിയും, ഞാനോ എല്ലായ്പ്പോഴും നിങ്ങളോടുകൂടെ ഇരിക്കയില്ല; അവൾ തന്നാലാവതു ചെയ്തു; കല്ലറയിലെ അടക്കത്തിനായി അവൾ എന്റെ ദേഹത്തിന്നു മുമ്പുകൂട്ടി തൈലം തേച്ചു (മർക്കൊസ് 14:6–8)

അവർക്ക് അറിയാതിരുന്ന ചില കാര്യങ്ങൾ യേശുവിന് അറിയാമായിരുന്നു (യോഹന്നാൻ 12:23; 13:1; 17:1). കുറച്ചു ദിവസങ്ങൾക്ക്ശേഷം താൻ ക്രൂശിൽ തൂങ്ങുവാനിരിക്കുന്നു എന്ന് അവന് അറിയാമായിരുന്നു. തന്റെ പ്രവൃത്തിയുടെ ആലങ്കാരിക അർത്ഥം മറിയ മനസിലാക്കിയോ എന്നു ഞാൻ സംശയിക്കുന്നു. അവളെ സംബന്ധിച്ച്, അതു ഒരു സ്നേഹത്തിന്റേയും നന്ദിയുടേയും പ്രകടനമായിരുന്നു. എങ്ങനെയായാലും, യേശു അതിൽ ഒരു ആത്മിയ പ്രാധാന്യം കണ്ടു: അവൾ അവന്റെ ശരീരം അടക്കത്തിനുവേണ്ടി ഒരുക്കുകയായിരുന്നു.

യേശു മരിച്ച് അടക്കപ്പെടുവാനിരിക്കുന്നതിനുമുൻപ് അതിനെ കുറിച്ച് ചിന്തിക്കുക. യേശു മരിക്കുന്നതു, ശബ്ബത്ത് ആരംഭിക്കുന്നതിനുമുൻപ്, സൂര്യാസ്തമയത്തിനു ഏതാനും മണിക്കൂറുകൾക്കു മുൻപാണ് (ലൂക്കൊസ് 23:54). അവന്റ ശരീരം അരിമഥ്യക്കാരനായ യോസേഫ് തന്റെ കല്ലറയിലേക്ക് കൊണ്ടുപോയി. അവനും നിക്കൊദേമൊസും പെട്ടെന്ന് അടക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്തു, എന്നാൽ ശരിയായ രീതിയിൽ എല്ലാം ചെയ്വാൻ മതിയായ സമയം ഇല്ലായിരുന്നു.[17] അതുകൊണ്ട്, നോക്കി നിന്ന സ്ത്രീകൾ "സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി" (ലൂക്കൊസ് 23:56), ശേഷിച്ച കാര്യങ്ങൾ ശബ്ബത്തിനുശേഷം ചെയ്യാമെന്നു വിചാരിച്ചു (ലൂക്കൊസ് 24:1). എങ്ങനെയായാലും, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവർ കല്ലറക്കൽ എത്തിയപ്പോൾ, അവിടെ കർത്താവിന്റെ ശരീരം കണ്ടില്ല (ലൂക്കൊസ് 24:2, 3); അവൻ ഉയിർത്തെഴുന്നേറ്റു (ലൂക്കൊസ് 24:6). ശബ്ബത്തിന് മുൻപോ ശബ്ബത്തിനു ശേഷമോ ശരിയായ അടക്കത്തിനുള്ള സമയം കിട്ടിയിരുന്നില്ല – എന്നാൽ അതൊന്നും കാര്യമല്ല. കാരണം മറിയ അവന്റെ ശരീരത്തിൽ മുൻപു തന്നെ തൈലം പൂശിയിരുന്നു.

കർത്താവ് തീർച്ചയാക്കി, "സുവിശേഷം ലോകത്തിൽ ഒക്കെയും[18] പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതു അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" (മർക്കൊസ് 14:9). ലോകത്തിൽ എവിടെയെല്ലാം സുവിശേഷം എത്തിയിട്ടുണ്ടോ, അവിടെയെല്ലാം മറിയയുടെ സ്നേഹസമ്മാനവിവരം എത്തിയിരിക്കും. മറിയ വെൺകൽഭരണി പൊട്ടിച്ചപ്പോൾ അതിന്റെ സുഗന്ധം ബെഥാന്യയിലെ ഒരു മുറിയിൽ മാത്രമാണ് വ്യാപിച്ചതെങ്കിലും അവളുടെ പ്രവൃത്തി ലോകമെങ്ങും വ്യാപിച്ചു.

**പ്രായോഗികത**

ഈ സംഭവത്തിൽനിന്ന് നമുക്ക് എന്തു പാഠങ്ങളാണ് പഠിക്കുവാനു

ള്ളത്? പലതും പറഞ്ഞുകേട്ടിട്ടുണ്ട്. മുന്നെണ്ണമാണ് നാം ചിന്തിക്കുന്നത്.[19] ഓരോന്നും കെട്ടിമറിഞ്ഞ് കിടക്കുകയാണെങ്കിലും പ്രത്യേകമായി പറയത്തക്കതാണ്.

**സ്നേഹം അവസാന മിതവ്യയത്തെ കാണിക്കുന്നു**

ആദ്യം സ്നേഹം അതിരുകവിഞ്ഞ അന്തിമ സാമ്പത്തികത്തെ കാണിക്കുന്നു. ഇതു വൈപരീത്യമെന്ന് തോന്നിയേക്കാം: *മിതവ്യയം* എങ്ങനെ *അതിരുകവിഞ്ഞതാകും?* എല്ലാ അതിരുകവിയലിലും മിതവ്യയം കാണുന്നില്ല, എന്നാൽ *സ്നേഹ*പ്രകടനം കാണാം.

ഞാൻ അർത്ഥമാക്കിയത് മനസിലാക്കുവാൻ, ഒരു നിമിഷത്തേക്ക് ഈ സംഭവത്തിലെ മുഖ്യമായ രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ നോക്കുക: മറിയയും യൂദയും.[20] രണ്ടുപേരും യേശുവിന്റെ ശിഷ്യന്മാരായിരുന്നു. അവർ രണ്ടുപേരും അവനോട് സംസാരിക്കയും അവനെ കേൾക്കുകയും ചെയ്തിട്ടുണ്ട്. എങ്ങനെയായാലും, അവർ തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ടായിരുന്നു: ഒരാൾ അവനെ സ്നേഹിച്ചു, എന്നാൽ മറ്റെ ആൾ സ്നേഹിച്ചില്ല. അതുകൊണ്ട്, ഒരാൾക്ക് അതിരുകവിഞ്ഞത് സ്നേഹപ്രകടനമായിരുന്നു; മറ്റൊരാൾക്ക്, അതു പാഴാക്കലായിരുന്നു.

അതു പാഴാക്കലായിരുന്നോ? മറിയക്ക് ആ തൈലം കൊണ്ട് മറ്റെന്തു ചെയ്യാമായിരുന്നു? വിമർശകർ പറഞ്ഞതുപോലെ, അവൾക്ക് അത് വിറ്റ് ദരിദ്രർക്ക് നൽകാമായിരുന്നു. അത് ഒരു ഉത്തമ പ്രവൃത്തിയാകുമായിരുന്നു; "ദരിദ്രരെ ഓർത്തുകൊൾവിൻ" എന്നു നമ്മോട് പറഞ്ഞിട്ടുണ്ട് (ഗലാത്യർ 2:10). എങ്ങനെയായാലും, അവസാനം നിലനിൽക്കുന്ന ഫലം എന്താകുമായിരുന്നു? യേശു പറഞ്ഞതുപോലെ "ദരിദ്രന്മാർ എല്ലായ്പോഴും നമ്മുടെ അടുത്ത് ഉണ്ട്." വീണ്ടും, ആ തൈലം അവൾക്കും, അവളുടെ കുടുംബത്തിനും വേണ്ടി ഉപയോഗിക്കാമായിരുന്നു. നമ്മിൽ ചിലർ അങ്ങനെയും വിചാരിക്കും: "എനിക്ക് ധാരാളം ആവശ്യങ്ങളുള്ളപ്പോൾ എന്റെ സമ്പാദ്യം ഞാൻ വിട്ടുകളയുന്നതെന്തിന്? അടുത്ത വീട്ടിലെ ശിമോന് പുതിയ ഒരു വണ്ടിയുണ്ട്, എന്റേതാണെങ്കിൽ മൂന്നു വർഷത്തെ പഴക്കമായി! എനിക്ക് ഒരു പുതിയ വണ്ടി *അത്യാവശ്യ*മാണ്!'' തീർച്ചയായും, അവൾ ആ വെൺകൽ ഭരണി, ആർക്കും ഉപകരിക്കാതെ, അപ്പോൾവരെ അലമാരയിൽ വെച്ചിരിക്കയായിരുന്നു. മുകളിൽ പറഞ്ഞ ഏതെങ്കിലും അവൾ തിരഞ്ഞെടുത്തിരുന്നു എങ്കിൽ ദാരിദ്ര്യാവസ്ഥയിലാകുന്നതു ലോകമായിരുന്നു. നിസ്വാർത്ഥസ്നേഹം നമ്മിൽനിന്നും കവർന്നതായ പ്രചോദനപ്രദമായ ഉദാഹരണം നമ്മിൽ എല്ലാവരിലും കാണും.

ഒരു നിമിഷത്തേക്ക്, നിങ്ങളുടെ ജീവിതത്തിലുണ്ടായ പ്രത്യേക സംഭവം ഓർക്കുക. നിങ്ങളുടെ മനസിലേക്ക് എന്തെങ്കിലും വരുന്നുണ്ടോ? അങ്ങനെയെങ്കിൽ, അത് നിങ്ങൾക്കു ചുറ്റുമുള്ളവർ പരിശീലിക്കുന്ന സമയത്തായിരിക്കുക*യില്ല:* "ഞാൻ കുറെ വസ്തു വിറ്റു ... ആ പണം മുഴുവൻ ഞാൻ ബാങ്കിൽ നിക്ഷേപിക്കുവാൻ പോകുന്നു, അതിൽനിന്ന് എനിക്ക് പലിശയും കിട്ടും!" അതു ആരെങ്കിലും കരഞ്ഞുകൊണ്ട് അവനോട് അല്ലെങ്കിൽ അവളോട് പറയുന്നതുപോലെയാണ്: "നിങ്ങൾ അങ്ങനെ ചെയ്യരുതായിരുന്നു; ഒരിക്കലും നിങ്ങൾ അങ്ങനെ ചെയ്യരുതായിരുന്നു."[21]

ചെലവേറിയതാണെങ്കിലും[22] നിങ്ങളിൽ ചിലർ നിങ്ങളുടെ വെൺകൽഭ

രണി പൊട്ടിച്ച് കുട്ടികളെ സ്കൂളിലയക്കും. പണ്ട് ആളുകൾ തങ്ങളുടെ വെൺകൽഭരണി പൊട്ടിച്ച്, ത്യാഗമാണെങ്കിലും, കൂടിവരുവാൻ സഭാമന്ദിരങ്ങൾ പണിയുമായിരുന്നു.[23] അതുകൊണ്ട് ജീവിതം അനുഗ്രഹിക്കപ്പെട്ടിരുന്നു.

**സ്നേഹമില്ലായ്മ കാണുന്നത് പാഴ്ച്ചെലവായിട്ട്**

സ്നേഹിക്കുന്നവർക്ക് അതിരുകവിഞ്ഞത് മിതവ്യയമായി കാണുവാൻ കഴിയും, സ്നേഹമില്ലാത്തവർക്ക് അങ്ങനെ കാണുവാൻ കഴിയുകയില്ല. മറിച്ച്, സ്നേഹപ്രകടനത്തെ അവർ കാണുന്നത് പാഴ്ച്ചെലവായിട്ടാണ്. അതിരുകവിഞ്ഞ സ്നേഹസമ്മാനങ്ങൾ അവർക്ക് മനസിലാക്കുവാൻ കഴിയുകയില്ല.

മുഖ്യവിമർശകന്റെ മാനസികാവസ്ഥയെ യോഹന്നാൻ ഇങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു:

> എന്നാൽ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചുകൊടുപ്പാനുള്ള യൂദാ ഇസ്ക്കാര്യോത്താവ്, "ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രന്മാർക്ക് കൊടുക്കാഞ്ഞത് എന്ത്?" എന്നു പറഞ്ഞു. ഇതു ദരിദ്രന്മാരെ കുറിച്ച് വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടതു എടുത്തുവരുന്നതു കൊണ്ടും അത്രേ പറഞ്ഞത് (യോഹന്നാൻ 12:4–6).

യൂദാ ദരിദ്രന്മാരെ കുറിച്ച് കരുതുന്നവനായിരുന്നില്ല. ആ തൈലം വിറ്റ് പണം പണസഞ്ചിയിലിടുവാനാണ് അവന്റെ ആഗ്രഹം, അപ്പോൾ അതിൽനിന്ന് എടുക്കയും ചെയ്യാമല്ലൊ. അതുകൊണ്ട് മറിയയുടെ പ്രവൃത്തി അതിരുകവിഞ്ഞ പ്രവൃത്തി പാഴ്ച്ചെലവാണെന്ന് അവൻ കരുതിയതിൽ അത്ഭുതപ്പെടുവാനില്ല!

എല്ലാ വിമർശകരും യൂദായെ പോലെ ആത്മാർത്ഥതയില്ലാത്തവരാണെന്ന് നാം കരുതരുത്, പക്ഷെ മറ്റുള്ളവരെ–കുറിച്ച് ചിന്തിക്കാതെ സ്വാർത്ഥമായി–ചിന്തിക്കുന്നവർ അതിരുകവിഞ്ഞ പ്രവൃത്തി ഒരു പാഴ്ച്ചെലവായിട്ടേ കണക്കാക്കുകയുള്ളു. ഞാൻ അബിലീൻ ക്രിസ്ത്യൻ കോളേജിലെ (ഇപ്പോൾ യൂണിവേഴ്സിറ്റി) എന്റെ പഠനം തുടങ്ങുന്നതിനുമുൻപ്, ഞാൻ ജോയ്ക്കുവേണ്ടി ഒരു വിവാഹനിശ്ചയമോതിരം വാങ്ങി. എങ്ങനെ നോക്കിയാലും അത് ഒരു വില കൂടിയ മോതിരം ആയിരുന്നില്ല, എന്നാൽ ലോകത്തിൽ എനിക്കുണ്ടായിരുന്ന സമ്പാദ്യത്തിന്റെ പകുതി അതിനായി ഞാൻ ചെലവിട്ടു. എന്റെ സാമ്പത്തിക കടമയും എന്റെ ദാരിദ്ര്യാവസ്ഥയും പരിഗണിക്കുമ്പോൾ, അത് ഒരു ഔചിത്യമില്ലാത്തതായിപോയി എന്ന് ചിലരെങ്കിലും വിചാരിക്കുകയില്ലേ? ഒരുപക്ഷെ ... ഞാൻ നടത്തിയ ഏറ്റവും നല്ല നിക്ഷേപമായിരിക്കാം അത്.

ലൗകിക കാര്യങ്ങളിൽ, സ്നേഹമില്ലാത്തവർ സ്നേഹപ്രകടനത്തെ പാഴ്ച്ചെലവായി കാണും; അതു കർത്താവിന്റെ വേലയിലും വാസ്തവമാണ്. ലോസ് ഏഞ്ചൽസിലെ ഒരു വിശുദ്ധ സ്ത്രീ ഒരാഴ്ച്ചയോളും രോഗശയ്യയിലായി. അവൾക്ക് ആരാധന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതായിരുന്നതുകൊണ്ട് അവൾ വളരെ വിരളമായിട്ടേ സഭായോഗം മുടക്കിയിരുന്നുള്ളു. അവളുടെ ബന്ധുക്കൾക്ക് മതപരമായ താല്പര്യം അത്രക്ക് ഇല്ലാത്തവരായിരുന്നു. അവരിൽ ഒരാൾ, അവളോട് പറഞ്ഞു, "നീ ഇപ്പോൾ മരിക്കുവാനിരിക്കുമ്പോൾ, നിനക്കു സഭയിൽ പോകുവാൻ സമയമായെങ്കിൽ, എഴുന്നേറ്റു പൊയ്ക്കൊൾക."[24]

ഓക്ലഹോമയിലെ ഒരു വ്യവസായി സഭയ്ക്ക് അസാധാരാണമായി ഔദാര്യമായി കൊടുത്തിരുന്നു. അയാളുടെ കണക്കെഴുത്തുകാരൻ പറഞ്ഞു, "താങ്കൾ ഇപ്പോൾ നല്കുന്നതു ഗവെൺമെന്റെ നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കൂടുതലാണ്. അതുകൊണ്ടു കൊടുക്കുന്നതു പരിമിതിയനുസരിച്ച് കുറക്കുകയാണ് വേണ്ടത്." ആ സഹോദരൻ പറഞ്ഞു, "എന്നെ നല്കുവാൻ പ്രേരിപ്പിക്കുന്നത് സ്നേഹമാണ്, അല്ലാതെ കിഴിവല്ല." കർത്താവിനു വേണ്ടി ആഴമേറിയ ബന്ധമില്ലാത്ത ഒരാൾക്ക്, അതിരുകവിഞ്ഞ സ്നേഹപ്രകടനം എപ്പോഴും വിഡ്ഢിത്തവും, അനാവശ്യവും – ഒരുപക്ഷെ പാഴ്ച്ചെലവുമായിരിക്കും.

**സ്നേഹം അവസരത്തെ കൈക്കലാക്കുന്നു**

വളരെ പ്രാധാന്യമുള്ളതാണ് നമ്മുടെ അവസാനത്തെ പാഠം: വാസ്തവത്തിലുള്ള സ്നേഹം അവസരത്തെ കൈക്കലാക്കി പ്രകടിപ്പിക്കും. ഒരു നിമിഷത്തേക്കായിരിക്കും ഒരുപക്ഷെ ആ അവസരം കാണുന്നത്; ഒരിക്കൽ നഷ്ടമാക്കിയാൽ, അതു വീണ്ടും കൈക്കലാക്കുവാൻ സാധ്യമല്ല.

മറിയ തന്റെ "അടക്കത്തിനായി മുമ്പുകൂട്ടി" ശരീരത്തെ അഭിഷേകം ചെയ്തു എന്നാണ് യേശു പറഞ്ഞത് (മർക്കൊസ് 14:8). അവൾ തൈലം എടുക്കാൻ പോയപ്പോൾ അവളുടെ മനസ് മാറിയിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഞാൻ ഇതു ചെയ്താൽ "പ്രായോഗികമായി ചിന്തിക്കുന്ന മാർത്തയോട് എന്തു പറയുമെന്ന് വിചാരിച്ചിരുന്നെങ്കിലോ?" ആ വീണ്ടുവിചാരം തൈലം വീണ്ടും അലമാരയിൽ തന്നെ വെക്കുവാൻ കാരണമായേനെ: "ഈ തിരക്കിട്ട സമയം കഴിയട്ടെ, എന്നിട്ട്, മാർത്തയും ലാസറും ഞാനും കൂടെ കുടുംബപരമായി ഒത്തുചേർന്നു തൈലം എന്തുചെയ്യണമെന്ന് ആലോചിക്കട്ടെ. ഒരുപക്ഷെ ഞാൻ ചിന്തിക്കുന്നതുപോലെ തന്നെ അവരും ചിന്തിച്ചേക്കാം. പിന്നെ ഈ സമ്മാനം ഞങ്ങളുടെ സ്നേഹിതന്നു കൊടുക്കാം – വിരുന്ന് ഒന്നു കഴിയട്ടെ." അങ്ങനെ വിചാരിച്ച് ആ അവസരം നഷ്ടപ്പെടുത്തിയെങ്കിൽ അവൾ ക്രൂശിൽ കിടക്കുന്ന യേശുവിനെ നോക്കുമ്പോൾ അവൾക്ക് എന്തു തോന്നുമായിരുന്നു?

നമ്മിൽ ചിലരുടെ വെൺകൽഭരണി – ആരും തൊടാതെ, കർത്താവിനോ, മറ്റുള്ളവർക്കൊ വേണ്ടി ഉപയോഗിക്കാതെ, നമുക്ക് വേണ്ടി ഉപയോഗിക്കുവാൻ അലമാരയുടെ ഏതെങ്കിലും മൂലയിൽ മറഞ്ഞിരിപ്പില്ലേ? അങ്ങനെയെങ്കിൽ, സ്നേഹവും നന്ദിയും പ്രകടിപ്പിക്കേണ്ട അവസരം നഷ്ടമാക്കിയതിനു പിന്നീട് എന്തുമാത്രം കണ്ണുനീർ ഒഴുക്കേണ്ടി വരും? ഞാൻ വിധിക്കുവാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ നൂറുകണക്കിനു ശവസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തതുകൊണ്ട്, "ഞാൻ നിന്നെ സ്നേഹിക്കുന്നു," അല്ലെങ്കിൽ "ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു" എന്നു പറയുവാൻ വിട്ടുപോയതുകൊണ്ട് കണ്ണുനീരോഴുക്കേണ്ടിവന്നവർ നിരവധിയാണ്.

ഇതുകൂടെ ചിന്തിക്കുക: കർത്താവ് വീണ്ടും വരുമ്പോൾ, നമ്മുടെ വെൺകൽ ഭരണിയിലെ താലന്തുകളും, സമയവും, ഊർജവും, സമ്പാദ്യങ്ങളും ഭരണി പൊട്ടിക്കാതെ വെച്ചിരിക്കുകയാണെങ്കിലോ? ചുരുക്കി പറഞ്ഞാൽ അവയ്ക്ക് പിന്നെ ഒരു വിലയുമില്ലാതാകും.

## ഉപസംഹാരം

നിങ്ങൾക്ക് എന്നെ അറിയാമെങ്കിൽ, ഞാൻ പറയുന്നതു പാഴ്ച്ചെലവിനെ കുറിച്ചല്ല എന്നു നിങ്ങൾക്ക് അറിയുവാൻ കഴിയും. നിങ്ങൾക്ക് ഇല്ലാത്ത പണം ചെലവഴിക്കണമെന്നുമല്ല ഞാൻ പറയുന്നത്. അതിരുകവിഞ്ഞ സ്നേഹപ്രകടനം നടത്തേണ്ട സമയവും സ്ഥലവുമുണ്ട് എന്നാണ് ഞാൻ പറയുന്നത്. വില്യം ബാർക്ലേ എഴുതി, "സ്നേഹം ഒരിക്കലും കണക്കുകൂട്ടുന്നില്ല; പരിമിതികളിൽ പരമാവധി കൊടുക്കുവാനാണ് സ്നേഹത്തിന്റെ ആഗ്രഹം; പിന്നെ, നൽകേണ്ടതെല്ലാം നൽകുമ്പോൾ, എല്ലാം നല്കിയാലും, അതു കുറഞ്ഞ ഒരു സമ്മാനമായിട്ടേ ചിന്തിക്കുകയുള്ളു."[25]

സ്നേഹത്തിന്റെ അതിരുകവിഞ്ഞ പ്രകടനത്തിന്റെ ധാരാളം ഉദാഹരണങ്ങൾ നിങ്ങൾക്കുണ്ടാകും,[26] എന്നാൽ ഏറ്റവും വലിയ ഉദാഹരണം ദൈവം നമുക്ക് നൽകിയ സമ്മാനമാണ് (യോഹന്നാൻ 3:16). ദൈവത്തിനു നമ്മോടുള്ള സ്നേഹം നിമിത്തം അതിനുള്ള വില കർത്താവ് കണക്കാക്കിയില്ല. "നിങ്ങളും പോയി അങ്ങനെതന്നെ ചെയ്‌വിൻ" എന്ന് കർത്താവ് നമ്മോട് ഇപ്പോൾ പറയുന്നു (ലൂക്കൊസ് 10:37).

ഈ അവതരണം അവസാനിപ്പിക്കുമ്പോൾ, കർത്താവിന്റെ ക്ഷണം നൽകുവാൻ ആഗ്രഹിക്കുന്നു. പശ്ചാത്തപിച്ച ഒരു വിശ്വാസിയോട് കർത്താവിനെ ഏറ്റുപറയുവാനും പാപമോചനത്തിനായി സ്നാനം ഏല്ക്കുവാനും നിങ്ങളോട് കല്പിക്കുന്നു (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38). നിങ്ങൾ ദൈവപൈതലായിട്ട് തെറ്റിപോയ വ്യക്തിയാണെങ്കിൽ, നിങ്ങൾ യഥാസ്ഥാനപ്പെടണം (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9). കർത്താവിനെ അനുസരിക്കുവാനായി ഇതു നിങ്ങൾ ചെയ്യുക – അനുസരണം വളരെ പ്രാധാന്യമുള്ളതാണ് (എബ്രായർ 5:8, 9) – എന്നാൽ, അതിലധികമായി, നിങ്ങൾക്ക് അവനോടുള്ള സ്നേഹപ്രകടനമായി ചെയ്യുക (യോഹന്നാൻ 14:15; 1 യോഹന്നാൻ 5:3).

---

കുറിപ്പുകൾ

[1]ഈ പ്രസംഗത്തിന്റെ സിംഹഭാഗവും വില്യം എസ്. ബിനോസസ്ക്കിയുടെ, "ബ്രേക്കിങ്ങ് അലബാസ്റ്റർ ഭരണി പൊട്ടിക്കൽ" എന്നതിൽനിന്ന് എടുത്തതാണ്, *സെർമൺസ് ഓഫ് വില്യം എസ്. ബനോസ്കി,* ഗ്രെയിറ്റ് പ്രീച്ചേഴ്സ് ഓഫ് ടുഡേ സീരീസ് വാല്യം. 11, എഡി. ജെ. ഡി. തോമസ് (അബിലീൻ, ടെക്സ്.:ബിബിളിക്കൽ റിസേർച്ച് പ്രസ്, 1967), 20–27. [2]ഇബിഡ്., 20 യേശുവിന്റെ അവസാനത്തെ അത്താഴം *ഭക്ഷിക്കൽ* ആയിരിക്കയില്ല അത്. എന്നാൽ പെസഹാപെരുന്നാളിനു മുമ്പുള്ള *രേഖപ്പെടുത്തിയിട്ടുള്ള* അവസാനത്തേതാണ് ആ ഭക്ഷണം. [3]മത്തായിയുടേയും മർക്കൊസിന്റെയും വിവരണം ഏതാണ്ട് ഒന്നു തന്നെയാണ്. മർക്കൊസിന്റേതു ഉപയോഗിക്കുവാനുള്ള കാരണം അത് അനിയന്ത്രിതമായതുകൊണ്ടാണ്. [4]ഞാൻ സംഭവം വിവരിക്കുമ്പോൾ ശ്രോതാക്കളോട് രണ്ടിലേയും വാക്യങ്ങൾ നോക്കുവാൻ പറയും, അങ്ങനെ അവർക്ക് അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചും മറിച്ചും നോക്കി മനസിലാക്കുവാൻ കഴിയും. [5]താൻ "മൂന്നാം സ്വർഗത്തിൽ" കണ്ടതു പറയുവാൻ പൗലൊസിന് അനുവാദമുണ്ടായിരുന്നില്ല എന്ന് പൗലൊസ് പിന്നീട് പറയുകയുണ്ടായി (2 കൊരിന്ത്യർ 12:2–4). ലാസറിന്റെ മരണാനന്തരജീവിതത്തെ കുറിച്ചു പറയുന്നത് ഒരുപക്ഷെ മങ്ങിയതാകും. [6]കെജെവിയിൽ "സ്പിക്കെനാർഡ്" എന്നാണ്. [7]ലാസരിനെ ഒരുക്കിയപ്പോൾ എന്തുകൊണ്ട് ആ തൈലം ഉപയോഗിച്ചില്ല എന്ന്

ഒരാൾ സംശയിച്ചേക്കാം. ഒരുപക്ഷെ ആ കുടുംബത്തിനു രണ്ടു ഭരണി തൈലം ഉണ്ടായിരുന്നേക്കാം. ഒന്നു ലാസരിനു വേണ്ടി ഉപയോഗിക്കുകയും, ഒന്നു സൂക്ഷിച്ചുവെക്കുകയും ചെയ്തു കാണും. [8]ബാർക്ലേ പറഞ്ഞത്, മൃതശരീരത്തിൽ പുശുവാനായി തൈലഭരണി പൊട്ടിച്ചാൽ, ഭരണിയുടെ ഭാഗങ്ങൾ കല്ലറക്കരികിൽ തന്നെ ഉപേക്ഷിക്കും, അതു സൂചിപ്പിക്കുന്നത് ആ മൃതശരീരത്തിനുവേണ്ടി ചെയ്യേണ്ടത് ഒന്നും അവശേഷിക്കുന്നില്ല എന്നാണ് (വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാർക്ക്,* റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് [ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975], 326. [9]ഒരു കുട്ടി (ബന്ധു) തന്റെ അപ്പന്റെ ഷേവിങ്ങ് ക്റീം എടുത്ത് ദേഹത്ത് തേച്ച് നില്ക്കുമ്പോഴാണ് ഞങ്ങൾ അവിടേക്ക് കയറിച്ചെല്ലുന്നത്. ഞങ്ങൾ ആ മുറിയിലേക്ക് കയറിച്ചെല്ലുമ്പോൾ, "മുറി നിറച്ചും" അതിന്റെ ഗന്ധമായിരുന്നു! ഇതേപോലെയുള്ള അനുഭവങ്ങൾ നിങ്ങളുടെ ശ്രോതാക്കളോട് പറയാം. [10]കെജെവിയിൽ "പെൻസ്" എന്നാണ്, പക്ഷെ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് ദിനാർ എന്നാണ്.

[11]എൻഐവിയിൽ "ഒരു വർഷത്തെ വേതനത്തേക്കാളധികം" എന്നാണ്. [12]നിങ്ങളുടെ സമൂഹത്തിൽ സാധാരണ ജോലിക്കാരനു ഒരു വർഷം ലഭിക്കുന്ന ശമ്പളം നിങ്ങൾക്ക് കണക്കാക്കാം. അമേരിക്കയിൽ നാല്പതുമണിക്കൂറിൽ ലഭിക്കുന്ന ചുരുങ്ങിയ ശമ്പളത്തെ അമ്പത്തി–രണ്ട്–ആഴ്ച്ചകൊണ്ട് ഗുണിച്ചാൽ കിട്ടുന്ന സംഖ്യ ആയിരിക്കും ഒരു വർഷത്തെ ശമ്പളം. [13]ഉദാഹരണത്തിന്, അയ്യായിരം പേരെ പോഷിപ്പിച്ചതിനുശേഷം ശേഷിച്ചവ കുട്ട നിറച്ചെടുത്തു (മത്തായി 14:20). [14]ഉദാഹരണമായി, മത്തായി 19:21; ലൂക്കൊസ് 14:13. പണ്ഡിതന്മാർ പറഞ്ഞതനുസരിച്ച്, പെസഹയുടെ ഒരു ഘടകമായിരുന്നു ദരിദ്രർക്ക് ഭിക്ഷ കൊടുക്കുന്നത്. [15]ആവർത്തനപുസ്തകം 15:11 നോക്കുക. [16]നാം ദരിദ്രരെ സഹായിക്കണമെന്നാണ് ദൈവം *ആഗ്രഹിക്കുന്നത്* (സദൃശവാക്യങ്ങൾ 19:17; ഗലാത്യർ 2:10). [17]തങ്ങൾക്ക് ലഭിച്ച സമയത്തിനുള്ളിൽ ഏറ്റവും നല്ലതു ചെയ്യുവാൻ യോസേഫിനും നിക്കൊദെമൊസിനും കഴിഞ്ഞു (യോഹന്നാൻ 19:38–40), സ്പഷ്ടമായും അവർക്ക് തങ്ങളുടെ ജോലി പൂർത്തിയാക്കുവാൻ കഴിഞ്ഞിരുന്നില്ല. നോക്കിക്കൊണ്ടിരുന്ന സ്ത്രീകൾക്ക് അതു പൂർത്തിയാക്കുവാൻ കഴിഞ്ഞു. അതാണ് ലൂക്കൊസ് 23:53–24:1 പ്രാധാന്യമുള്ളതാക്കുന്നതെന്ന് തോന്നുന്നു. [18]ആ വാക്കുകളിൽ വലിയ വിശ്വാസം അടങ്ങിയിരിക്കുന്നു. അതേ ശ്വാസത്താൽ തന്നെ യേശു തന്റെ അടക്കത്തെക്കുറിച്ചും ലോകമെങ്ങും അറിയിക്കേണ്ട സുവിശേഷത്തെയും കുറിച്ച് പറഞ്ഞു. അതുകൊണ്ട് തന്റെ ഉയർപ്പിൽ അവൻ വിശ്വാസം പ്രകടിപ്പിക്കുകയും ശിഷ്യന്മാർ സർവ്വലോകത്തിലും സുവിശേഷം എത്തിക്കുകയും ചെയ്തു. [19]ആ മൂന്നു പാഠങ്ങളും ബനോസ്ക്കി, 23–26 ൽ നിന്നുള്ളതാണ്. [20]അസംഖ്യം ശിഷ്യന്മാർ യൂദായോട് ചേർന്നിരുന്നു, എന്നാൽ യൂദാ ആണ് വിമർശനത്തെ നയിച്ചത്.

[21]പല ഉദാഹരണങ്ങളും, എന്റെ സ്വന്തജീവിതത്തിൽനിന്ന് ഓർമ്മ വരുന്നു, ഒരുപക്ഷെ നിങ്ങൾക്കും കാണും. [22]ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത്, ക്രിസ്ത്യൻ കോളേജ് എന്നോ യൂണിവേഴ്സിറ്റി എന്നോ പറയും. [23]ഒരു ഇടവകക്ക് മുഴുവനായി എങ്ങനെ പ്രായോഗികത വരുത്താമെന്നു കാണിക്കുന്നതിനാണ് മുൻപിലത്തെ രണ്ടു വാചകങ്ങളും ഉപയോഗിച്ചിരിക്കുന്നത്. നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ ആചാരമനുസരിച്ച് ആവശ്യമായത് ഉപയോഗിക്കുക. [24]ഈ ചിത്രീകരണവും അടുത്തതും ബനോസ്ക്കി, 24–25 ൽ നിന്നുള്ളതാണ്. [25]വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു,* വാല്യം.2, റെവ: എഡി. ദ ഡെയ്ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 330. [26]അവിടെ നിർത്തിയിട്ട് നിങ്ങൾക്ക് അറിയാവുന്ന ഒന്നോ രണ്ടോ ഉദാഹരണങ്ങൾ നൽകാം. ഈ അവതരണം പ്രസംഗപീഠത്തിനുപകരം ക്ലാസ് മുറിയിലാണെങ്കിൽ ക്ലാസിലുള്ളവരോട് ഇതേ രീതിയിലുള്ള സംഭവങ്ങൾ പങ്കിടുവാൻ പറയാം.